# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4502 — 13.11.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയെ ആർ.സി.ഇ.പി കരാറിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) പാലിന്റേയും പാലുൽപ്പന്നങ്ങളുടേയും ഇറക്കുമതി തീരുവ ഇല്ലാതാക്കുന്ന തരത്തിൽ നമ്മുടെ രാജ്യം ആർ സി ഇ പി കരാറിന്റെ ഭാഗമായാൽ അത് വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സംസ്ഥാനത്തെ ക്ഷീരമേഖലയെ തകർക്കുന്നതിന് കാരണമാവുകയില്ലേ; | (എ) ഇറക്കുമതി തീരുവ ഇല്ലാതാക്കുന്നത് വൻതോതിൽ പാലും പാലുൽപ്പന്നങ്ങളും ഇറക്കുമതി നടത്തുന്നതിന് ഇടയാവുകയും അത് സംസ്ഥാനത്തെ ക്ഷീര മേഖലയെ തകർക്കുന്നതിന് കാരണമാവുകയും ചെയ്യും. |
| (ബി) ക്ഷീരമേഖലയെ കരാറിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് ആവശ്യമായ സമ്മർദ്ദങ്ങളും ഇടപെടലുകളും കേന്ദ്രസർക്കാരിൽ ചെലുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) ക്ഷീര മേഖലയെ ആർ.സി.ഇ.പി കരാറിൽ നിന്നും ഒഴിവാക്കുന്നതിനു ആവശ്യമായ സമ്മർദ്ദങ്ങളും ഇടപെടലുകളും കേന്ദ്ര സർക്കാരിൽ ചെലുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ ആർ.സി.ഇ.പി കരാറിൽ നിന്നും തല്ക്കാലം പിന്മാറിയിട്ടുമുണ്ട്. |



സെക്ഷൻ ഓഫീസർ